LIBRARY ARCHIVES Kerala Legislative Assembly

കാലപ്പഴക്കം ചെന്ന ബോട്ടുകൾ

265 (4653) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഉപയോഗശൂന്യമായ/കാലപ്പഴക്കം ചെന്ന എത്ര ബോട്ടുകളുണ്ടെന്ന് വിശദമാക്കാമോ?

വകുപ്പിൽ നിലവിൽ കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ 25 ബോട്ടുകളാണുള്ളത്.

(ബി) ബോട്ട് സ്റ്റേഷനുകളിൽ കെട്ടിയിട്ടിരിക്കുന്ന പ്രസ്തുത ബോട്ടുകൾ നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

ടി ബോട്ടുകൾ എല്ലാംതന്നെ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) പഴകിയ ബോട്ടുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലേല നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് ബോട്ടുകൾ ഡിസ്പോസ് ചെയ്യുന്നതിനായി ലഭിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. മൂന്ന് ബോട്ടുകൾക്ക് ലേലം ചെയ്യുലഭിച്ച തുക അസസ്സ്ഡ് വാല്യുവിനേക്കാൾ കുറവായതിനാൽ റീ-ടെണ്ടറിനുള്ള നടപടികൾ പുരോഗമിക്കുന്നു. എട്ട് ബോട്ടുകൾ ടെണ്ടർ ചെയ്യുന്നതിന് ആവശ്യമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തുറമുഖ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. പത്ത് ഫൈബർ ബോട്ടുകൾ ടെണ്ടർ ചെയ്ത് ലഭിച്ച തുകകൾ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. രണ്ട് ബോട്ടുകൾ ടെണ്ടർ ചെയ്ത് അസസ്സ്ഡ് വാല്യുവിനേക്കാൾ അധികം തുക ലഭിച്ചിട്ടുള്ളവ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

വേഗ-2 ബോട്ട് സർവ്വീസുകൾ

266 (4654) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതം സുഗമമാക്കുന്നതിനും ടൂറിസം മേഖലയ്ക്ക് കുതിപ്പേകുന്നതിനും വേഗ-2 എന്ന പേരിൽ ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ടോ ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ എറണാകുളം മേഖലയിൽ വേഗ-2 മോഡൽ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള സർവ്വീസുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

(സി) വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ മേഖലകളിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടന്നുവരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ദ്രവീകൃതപ്രകൃതി വാതകം/സൗരോർജ്ജം ഉപയോഗിച്ചുള്ള യാത്ര ബോട്ടുകൾ

267 (4655) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ യാത്ര ബോട്ടുകൾ സർവ്വീസ് നടത്തുവാൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി യാത്രാ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി വകുപ്പിന്റെ ഡീസൽ എൻജിൻ ബോട്ടുകൾ കൺവേർഷൻ കിറ്റുകൾ ഉപയോഗിച്ച് സി.എൻ.ജി. ആക്കി മാറ്റുന്നതിനും, സി.എൻ.ജി. ബോട്ടുകളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി IOAGPL-മായി ചേർന്നുകൊണ്ട് ബോട്ടുജെട്ടികൾ പരിശോധിക്കുകയും ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സഹിതം നിലവിലുള്ള ബോട്ട് ജെട്ടിയിൽനിന്നും 6 മീറ്റർ മാറി പുതിയ ജെട്ടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലുൾപ്പെടെ എത്ര സർവ്വീസുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ദ്രവീകൃത പ്രകൃതി വാതകം നിറയ്ക്കാൻ എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന ഡിസ്പെൻസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

IOAGPL-മായി സഹകരിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഡീസൽ എൻജിൻ ബോട്ട് കൺവേർഷൻകിറ്റ് ഉപയോഗിച്ച് സി.എൻ.ജി.-യിലേയ്ക്ക് മാറ്റിയതിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തി മറ്റ് ബോട്ടുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണ്. എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന്